# ജനകീയാരോഗ്യ മഹാസമ്മേളനം ധാക്കയിൽ

**2000 ഡിസംബർ 4 മുതൽ 8 വരെ ധാക്കയിൽ (ബംഗ്ലാദേശ്) നടക്കുന്ന ലോകസമ്മേളനത്തിനു മുമ്പായി കൽക്കട്ടയിൽ വെച്ച് ദേശീയ ആരോഗ്യ സമ്മേളനം നവംബർ 30, ഡിസംബർ 1 തിയ്യതികളിലായി നടക്കും.**

ആദ്യമായിട്ടാണ് പ്രധാനപ്പെട്ട എല്ലാ നെറ്റ് വർക്കിംഗ് സംഘടനകളും സർക്കാരിതര സംഘടനകളും ജനകീയ പ്രസ്ഥാനങ്ങളും ഒരുമിച്ചു ചേർന്നുകൊണ്ട് ഒരു പൊതുവേദിയിൽ ഘടനാപരമായ ക്രമീകരണങ്ങൾക്കെതിരേയും അത് പാവപ്പെട്ടവരുടെ ആരോഗ്യത്തിനുനേരെ ഉയർത്തിയിട്ടുള്ള ആഘാതങ്ങൾക്കെതിരെയും ശബ്ദമുയർത്തുന്നത്.

പ്രധാനമായും താഴെ കൊടുത്തിരിക്കുന്ന ആറു കാര്യങ്ങളിലാണ് പ്രചാരണം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

1. ഘടനാപരമായ ക്രമീകരണത്തിന്റേയും ആഗോളവൽക്കരണത്തിന്റേയും പേരിൽ ഭൂരിപക്ഷം ഇന്ത്യക്കാരുടേയും ജീവിതഗുണനിലവാരം തകരാറിലാക്കുന്ന പ്രക്രിയയെ എതിർദിശയിലാക്കുക.

2. ആരോഗ്യപരിപാലന വ്യവസ്ഥയും അത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ട വിഭവങ്ങളും വികേന്ദ്രീകൃതമാക്കുക.

3. ആരോഗ്യാസൂത്രണത്തിലും ആരോഗ്യപരിപാലനപ്രക്രിയയിലും സമൂഹങ്ങളെ കേന്ദ്രസ്ഥാനത്ത് കൊണ്ടുവരിക.

4. വികേന്ദ്രീകൃത ആസൂത്രണത്തിലൂടെയും അനുയോജ്യമായ സാങ്കേതികവിദ്യ കൈമാറ്റത്തിലൂടെയും അടിസ്ഥാനസൗകര്യങ്ങൾ എല്ലാ പൗരന്മാർക്കും ഉറപ്പുവരുത്തുക.

5. കടിഞ്ഞാണില്ലാത്തതും അധാർമ്മികവുമായ ആരോഗ്യ തൊഴിൽരംഗങ്ങളിലെ വാണിജ്യവൽക്കരണത്തെ ചെറുത്തുതോൽപ്പിക്കുക.

6. സന്നദ്ധസംഘടനകളേയും ജനമുന്നേറ്റങ്ങളേയും പരസ്പരം കണ്ണിചേർക്കുക. അടിസ്ഥാന ജനവിഭാഗങ്ങളുടെ സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും ജനങ്ങളുടെ കഴിവുകൾ വർദ്ധിപ്പിക്കുകയും ചെയ്യുകവഴി അസമത്വങ്ങൾ കുറയ്ക്കാനും തദ്വാരാ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നയപരിപാടികളിലും കർമ്മപരിപാടികളിലും ഭാഗഭാക്കാകാൻ അവരെ പ്രാപ്തരാക്കുക.

ദേശീയ ജനകീയാരോഗ്യസമ്മേളനത്തിന്റെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിനായി ദേശീയതലത്തിൽ ഒരു കോ- ഓർഡിനേഷൻ കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ കോർത്തിണക്കുന്നതിനായി ഒരു പ്രവർത്തകസമിതിയും രൂപീകരിച്ചിട്ടുണ്ട്. ഡോ. എൻ.എച്ച്. അൻഷ്യ അദ്ധ്യക്ഷനായും ഡോ. ഡി. ബാനർജി ഉപാദ്ധ്യക്ഷനായും ഡോ. ബി. ഇക്ബാൽ കൺവീനറുമായും പ്രവർത്തിക്കുന്നു.